മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : 0471-2724696
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി. 08.04.2022

സർക്കുലർ

പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,

വിഷയം: 2021 ഏപ്രിൽ മുതൽ സെപ്തംബർ 2021 വരെയുള്ള കാലയളവിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതു സംബന്ധിച്ച്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ 2021 ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള കാലയളവിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തിയാക്കി വരികയാണല്ലോ. 2021-22 വർഷത്തെ രണ്ടാം പകുതിയിലെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ മെയ് ആദ്യം തന്നെ ആരംഭിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച അറിയിപ്പ് ഗ്രാമപഞ്ചായത്തുകൾക്കും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഉടൻ തന്നെ നൽകുന്നതാണ്.

ഈ സാഹചര്യത്തിൽ ഇപ്പോൾ നടപ്പാക്കി വരുന്ന, 2021 ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പബ്ലിക് ഹിയറിംഗ് ഉൾപ്പടെ ഏപ്രിൽ അവസാനം പൂർത്തിയാക്കേണ്ടതുണ്ട്. ഏപ്രിൽ മാസം പൂർത്തിയാക്കാൻ കഴിയാത്ത സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ തുടർന്ന് ആരംഭിക്കേണ്ടതില്ല. ഏപ്രിൽ മാസം തന്നെ പബ്ലിക് ഹിയറിംഗ് നടത്തി സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കാൻ കഴിയുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ മാത്രമേ ഏപ്രിൽ മാസത്തത്തിൽ ആരംഭിക്കാൻ പാടുള്ളൂ. ഇതിനകം രേഖകൾ പരിശോധിച്ച് ഫീൽഡ് സന്ദർശനം പൂർത്തിയാക്കി ഗ്രാമസഭാ റിപ്പോർട്ടുകൾ തയ്യാറാക്കിയ പഞ്ചായത്തുകളുടെ ഗ്രാമസഭകളുടെ നടത്തിപ്പും പബ്ലിക് ഹിയറിംഗ് സംഘടിപ്പിക്കുന്നതിനുമായിരിക്കണം ഏപ്രിൽ മാസം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്ന് വ്യക്തമാക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് പ്രവർത്തനം കാര്യക്ഷമമായി ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

സ്നേഹപൂർവ്വം,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ

കോപ്പി:

1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും/ബി.ആർ.പി.ഇൻചാർജ്ജ്മാർക്കും
3. എല്ലാ വി.ആർ.പിമാർക്കും (ബി.ആർ.പിമാർ മുഖേന).